പിന്നെ ബ്ലോക്ക് ഡെവലപ്പ്മെന്റ് ആഫീസറുടെ കാര്യം. ഓരോ ബ്ലാക്കിലും പഞ്ചായത്തുകളും കൂട്ടിച്ചേർത്തുകൊണ്ട് യൂണിയൻ കൗൺസിലുകൾ രൂപീകരിക്കുമെന്നു വിചാരിക്കുന്നു. ഇവിടെ ബ്ലാക്ക് എന്നു പ്രത്യേകമായി എടുത്തു പറഞ്ഞിട്ടില്ല എങ്കിലും അതാണ് ഉദ്ദേശം എന്നു മനസ്സിലാക്കുന്നു ബ്ലോക്കുകളുടെ കീഴിലുള്ള വികസന പ്രവർത്തനങ്ങൾ പ്രധാനമായും ദേശീയവികസനം, കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് എന്നിവയാണ്. ഇന്നു ബ്ലോക്ക് അഡൈ്വസറി കമ്മിറ്റികളും മാത്രമേ നിലവിലുള്ളൂ. ബ്ലോക്ക് അഡൈ്വസറി കമ്മിറ്റികളും പ്ലാൻ ചെയ്യുന്നതാണ്. അവക്ക് ഉപദേശം കൊടുക്കുന്നതിനുള്ള അധികാരം മാത്രമേ ഉള്ളൂ. അവ മാറിയിട്ട് തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റി നിലവിൽ വരികയും അവക്ക് അധികാരം കൈമാറുകയും ചെയ്യണം എന്നാണ് ഈ ബില്ലിന്റെ ഉദ്ദേശം എന്നു തോന്നുന്നു. അതുതന്നെയാണ്, സ്വാഗതാർഹമാണ്. അതുതന്നെയും സമ്മതിക്കുവാൻ തയാറാണ്. അതിനെ സംബന്ധിച്ചിടത്തോളം ആണെങ്കിൽ പ്രധാന സംഗതി കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാമാണ്. എനിക്ക് അഭിപ്രായപ്പെടാനുള്ളതു പഞ്ചായത്തിന്റെ പ്രമുഖതലയും പഞ്ചായത്തു കൗൺസിലിന്റെ പ്രമുഖതലയും വേർതിരിക്കുന്നതിനുള്ളമാർഗ്ഗം ഇതാണ്. കൗൺസിലിന്റെ പ്രമുഖതലയിൽ കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് പ്രോഗ്രാം, അല്ലെങ്കിൽ നാഷണൽ എക്സ്റ്റൻഷൻ പ്രോഗ്രാം നടപ്പാക്കുക എന്നതായിരിക്കണം പ്രധാനം. പഞ്ചായത്തിൽ നടക്കുന്ന വികസന പ്രവർത്തനങ്ങളെന്നിച്ചു കോ—ഓർഡിനേറ്റു ചെയ്തു കൊണ്ടുപോകുക. ബ്ലാക്ക് ലവലിൽ അതു വേണ്ടിവരും. പഞ്ചായത്തിനെ അതിന്റെ പരിധിയിൽ ഒതുക്കി നിറുത്തിക്കൊണ്ട് ഇങ്ങനെയുള്ള കാര്യങ്ങൾ പഞ്ചായത്തു യൂണിയൻ കൗൺസിലിനെ ഏല്പിക്കുക. ഇങ്ങനെയുള്ള ഒരു വിഭജനം നടപ്പിൽവരുത്തുകയാണെങ്കിൽ വലിയ കുഴപ്പം ഉണ്ടാകുകയില്ല. പ്രധാനമായിട്ടുള്ള പ്രമുഖതലകൾ നിറവേറ്റാൻ പഞ്ചായത്തു കൗൺസിലിനു എത്രത്തോളം അധികാരമുണ്ടെന്നുള്ളതു സംശയമാണ്. ഡെവലപ്പ്മെന്റ് ആഫീസർഗവണ്മെന്റ് ഉദ്യോഗസ്ഥനാണ്. അയാളുടെ പ്രമുഖതലാധികാരങ്ങൾ ഇവിടെ എഴുതി വച്ചിരിക്കുന്ന രൂപത്തിൽ പരിശോധിക്കുകയാണെങ്കിൽ യൂണിയൻ കൗൺസിലിന്റെ അധികാരം എത്രത്തോളം പരിമിതമാണെന്നു കാണാവുന്നതാണ്.

10 a. m. **Mr. Speaker :** Mr. Achutha Menon, you can continue next day, as it is now time for Private Members Business.

Private Members Business.

Shri K. V. Narayanan : Sir, I move that the Fourth Report of the Committee on Private Members' Bills and Resolutions in 1964, be adopted.

Smt. K. R. Saraswathi Amma : I second it.

The motion was put and carried.

Mr. Speaker : Now we pass on to Resolutions on Matters of Greneral Public Interest.

RESOLUTIONS.

(1) Ayurvedic Medicines and Prohibition Act.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : സർ, ഞാൻ എന്റെ പ്രമേയം ഇവിടെ അവതരിപ്പിക്കുന്നു:—

"ആയുർവേദ ചികിത്സയിൽ വളരെ പ്രാധാന്യമർഹിക്കുന്ന ടോണിക്കുകളായ ആസവാരിഷ്ടങ്ങളുടെ മേൽ, മദ്യനിരോധന നിയമപ്രകാരം ചുമത്തിയിട്ടുള്ള നിയന്ത്രണങ്ങൾ എടുത്തുകളയണമെന്ന് ഈ സഭ തീരുമാനിക്കുന്നു."

2/1771/V,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ]

സർ, വളരെക്കാലങ്ങളിലെ അനുഭവംവച്ചുകൊണ്ടാണ് എനിക്ക ഇങ്ങനെയൊരു റസല്യൂഷൻ അവതരിപ്പിക്കാൻ ഇടയായത്തു്. നാട്ടിൻപുറങ്ങളിൽ ജീവിക്കുന്ന എന്നെപ്പോലെയുള്ളവർക്ക് ആയുർവേദ ചികിത്സയുമായി ബന്ധപ്പെട്ട ജീവിക്കേണ്ടുന്ന ഒരു പരിതഃസ്ഥിതിയാണുള്ളതു്. എം. എൽ. എ. മാർക്കു് മാത്രമല്ല സാധാരണ എല്ലാത്തരം ആളുകൾക്കും പ്രത്യേകിച്ചു് ഉൾനാടുകളിൽ താമസിക്കുന്നവർക്കു് ആയുർവേദബന്ധമാണു് കൂടുതലായിട്ടുള്ളതു്. പക്ഷെ ഇന്നു് പഴയ വിധിപ്രകാരമുള്ള പല നല്ല മരുന്നുകളും കിട്ടാതിരിക്കുന്ന ഒരു സ്ഥിതിയാണുള്ളതു്. മനുഷ്യന്റെ ദേഹത്തിന്റെ സ്ഥിതിഗതി കണ്ടുപിടിക്കാനും അതിനാവശ്യമായ മരുന്നുകൾകണ്ടുപിടിക്കാനും ആയുർവേദാചാര്യന്മാർക്കു് സാധിച്ചിട്ടുണ്ടു്. അതനുസരിച്ചുള്ള മരുന്നുകൾ ഉണ്ടാക്കി വിതരണം ചെയ്തിട്ടുണ്ടു്. ഏതു കാലം മുതൽക്കാണു് ആയുർവേദത്തിന്റെ തുടക്കമെന്നും, ഇതിനു് എത്ര കാലത്തെ പഴക്കമുണ്ടെന്നും, അക്കം അറിയാൻപാടില്ല. ആയുർവേദം സൃഷ്ടിച്ചുകൊണ്ടാണു് സൃഷ്ടികർത്താവായ ബ്രഹ്മാവു് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളും മറ്റു കാര്യങ്ങളും ചെയ്തിട്ടുള്ളതെന്നു് പണ്ടത്തെ ശാസ്ത്രത്തിൽ പറയുന്നുണ്ടു്. അങ്ങനെ പഴയരീതിയിലുള്ള വൻകിടഗ്രന്ഥങ്ങൾ ആയുർവേദത്തിലുള്ളതു് കേരളത്തിലുണ്ടായിരുന്നു. ആയുർവേദത്തിൽ വാഗ്ഭടൻ എന്നൊരു മഹാൻ അഷ്ടാംഗഹൃദയം എന്നൊരു പുസ്തകം എഴുതുകയുണ്ടായി. അതു കഴിഞ്ഞു് അഷ്ടാംഗഹൃദയസംഗ്രഹം എന്നൊരു പുസ്തകം എഴുതി. നമ്മുടെ ശരീരം എന്തെല്ലാംകൊണ്ടാണു് ഉണ്ടായിട്ടുള്ളതെന്നു് മനസ്സിലാക്കുകയും, അതിൽ എന്തെല്ലാം രോഗങ്ങൾ വരുമെന്നു് മനസ്സിലാക്കുകയും, അതിനെന്തെല്ലാം ഔഷധങ്ങളാണു് വേണ്ടതെന്നും ആയുർവ്വേദ ആചാര്യന്മാർ മനസ്സിലാക്കിയിട്ടുണ്ടു്. നമ്മുടെ ദേഹത്തെ സംബന്ധിച്ചു് പറയുന്നതു്,

"മണ്ണു തണ്ണീർ തഥാ തീയും
കാറുമാകാശമിങ്ങിനെ
പഞ്ചഭൂതങ്ങളെക്കൊണ്ടു
സഞ്ചിതം തന്നനിർണ്ണയം."

ഇങ്ങനെ പഞ്ചഭൂതങ്ങളാൽ നിർമ്മിതമായിട്ടുള്ളതാണു് നമ്മുടെ ദേഹം. പഞ്ചഭൂതങ്ങളുടെ ഏറ്റക്കുറച്ചിലുകൾ അനുസരിച്ചും ആഹാരനിദ്രാദികളുടെ ഏറ്റക്കുറച്ചിലുകൾ അനുസരിച്ചും നമ്മുടെ ദേഹത്തിൽ പല മാറ്റങ്ങളും സംഭവിക്കും. ഇങ്ങനെ പഞ്ചഭൂതങ്ങൾ കൊണ്ടുണ്ടാക്കീട്ടുള്ള മനുഷ്യന്റെ ദേഹത്തിനു് പല ദോഷങ്ങളും ഉണ്ടാകും. മനുഷ്യദേഹത്തിനു് ത്രിദോഷങ്ങളാണു് ഉണ്ടാകുന്നതു്. വാതം, പിത്തം, കഫം ഇവയാണു് ത്രിദോഷങ്ങൾ. ഇവ എല്ലാത്തിന്റെയോ ഓരോന്നിന്റെയോ ആധിക്യംകൊണ്ടു് രോഗങ്ങൾ ഉണ്ടാകുന്നു. അങ്ങനെ രോഗങ്ങൾ ഉണ്ടാകുന്നതിന്റെ അടിസ്ഥാനകാരണങ്ങൾ മനസ്സിലാക്കിയാണു് ആയുർവേദവിധിയനുസരിച്ചുള്ള ആസവാരിഷ്ടങ്ങൾ കണ്ടുപിടിച്ചിട്ടുള്ളതു്. സാധാരണ അലോപ്പതിമരുന്നു് അടക്കം ചെയ്തിട്ടുള്ള കുപ്പികളോ കവറുകളോ എടുത്തുനോക്കിയാൽ അതിന്റെ പുറത്തു് അതുപയോഗിക്കേണ്ട അവധിയെക്കുറിച്ചു ഒരു തീയതി കുറിച്ചിരിക്കുന്നതു് കാണാം. ആ തീയതിക്കകം ആ മരുന്നു് ഉപയോഗിച്ചിരിക്കണം. അല്ലെങ്കിൽ അതിന്റെ ഗുണം തീർന്നുപോകും. ആയുർവേദത്തിലും എണ്ണ, കുഴമ്പു്, നെയ്യു്, ലേഹ്യം മുതലായവയ്ക്കു് ഒരു കാലാവധിയുണ്ടു്. അതിനകം ഉപയോഗിച്ചിരിക്കണമെന്നാണു്. എന്നാൽ ആസവാരിഷ്ടങ്ങൾക്കു് കാലാവധി ഇല്ല. അതു് എത്ര കാലം ഇരിക്കുമോ അത്രയും അതിന്റെ ഗുണം കൂടുമെന്നാണു്. അങ്ങനെ ആസവാരിഷ്ടങ്ങൾ പഴക്കം ചെല്ലുംതോറും മെച്ചവും, വീര്യവും കൂടും. ആ മരുന്നുകൾ കൊണ്ടു് മനുഷ്യ ശരീരത്തിലുള്ള പല രോഗങ്ങളും പെട്ടെന്നു മാറുന്നതിനു സാധിക്കും. അങ്ങനെ പല രോഗങ്ങൾക്കും പരിഹാരം കാണുന്ന രീതിയിലുള്ള ആസവാരിഷ്ടങ്ങളാണു് ഇന്നു് ആയുർവ്വേദത്തിലുള്ളതു്. എന്നാൽ നമ്മുടെ സ്റ്റോറിൽ പ്രൊഹിബിഷൻ ഏർപ്പെടുത്തിയതോടുകൂടി ഈ ആസവാരിഷ്ടങ്ങളുടെമേലും വമ്പിച്ച നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയുണ്ടായി. അങ്ങനെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതിന്റെ ഫലമായി നല്ല രീതിയിൽ ആസവാരിഷ്ടങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കുന്ന വൈദ്യന്മാക്ക് ആസവാരിഷ്ടങ്ങൾ ഉണ്ടാക്കാൻ സാധിക്കാത്ത ഒരു പരിതഃസ്ഥിതി സംജാതമായിരിക്കുകയാണു്. ആസവരിഷ്ടങ്ങൾ ഉണ്ടാക്കികഴിഞ്ഞാൽ 41 ദിവസത്തിനകം അവ മൺപാത്രത്തിലാക്കി സീൽചെയ്യണം. അതിനുശേഷമാണു് അവ കുപ്പികളിലാക്കി വെയ്ക്കുന്നതു്. ഇത്തരം ആസവാരിഷ്ടങ്ങളിൽ ലഹരി ഉണ്ടാവുന്നുവെന്നുവെച്ചാണു് അവയുടെമേൽ നിയന്ത്രണം ഏർപ്പെടുത്തിയതു്. കർപ്പൂരാസവത്തിൽ 9 ശതമാനം ആൽക്കഹോളുണ്ടത്രെ. നല്ല തെങ്ങിൻകള്ളും, ചൂടൻ കർപ്പൂരവും ചേർത്തുണ്ടാക്കുന്നതാണു് അതു്. കോളറാ രോഗത്തിനെ നല്ല രീതിയിൽ ഉണ്ടാക്കുന്ന കർപ്പൂരാസവം നാലു തുള്ളി കൊടുത്താൽ ഉടനെ ശമിക്കുന്നതാണു്. ഇപ്പോഴും ഇവയുണ്ടാക്കുന്നതിനെ നിയന്ത്രിച്ചിരിക്കുന്നതുകൊണ്ടു് വൈദ്യന്മാക്ക് നല്ല രീതിയിൽ കോളറാ രോഗികളെ ചികിത്സിക്കാൻ സാധിക്കാതെ വരുന്നു. കാരണം അതിനുള്ള മരുന്നുണ്ടാക്കാൻ കഴിയാത്തതുകൊണ്ടാണു്. അതേപോലെ ദ്രാക്ഷാരിഷ്ടം മുന്തിരിങ്ങാ സത്തുകൊണ്ടാണുണ്ടാക്കുന്നതു്. ഇതു് മഹോദരത്തിനു് നല്ല ഒരു ഔഷധമാണു്. അതേപോലെ പിപ്പല്യാസവും വാസകാരിഷ്ടവും ഉണ്ടാക്കുന്നതു നിയന്ത്രിച്ചിരിക്കുകയാണു്. ഇതു് ക്ഷയരോഗത്തിനും ഏറ്റവും നല്ല ഒരു അരിഷ്ടമാണു്. ആസവാരിഷ്ടങ്ങൾ ഉള്ളതുപോലെതന്നെ പല തരത്തിലുള്ള നല്ലയിനം ഗുളികകളും ആയുർവ്വേദത്തിലുണ്ടു്. വായുഗുളിക എന്ന ഒരു തരം ഗുളികയുണ്ടു്. ഏറ്റവും കഠിനമായ വേദനയ്ക്കു് നല്ലതാണെന്നറിയുന്നു. അതിൽ കറച്ചു അഫീയൻ ചേർക്കുന്നതു കൊണ്ടു് അതിലും നിയന്ത്രണം ഉണ്ടായിരിക്കുകയാണു്. നല്ല മരുന്നുകൾ ഉണ്ടാക്കാനോ അവ വിൽക്കുന്നതിനോ സാധിക്കുന്നില്ല. ഇവിടെ മദ്യവർജ്ജനം ഫലപ്രദമായിട്ടല്ല നടക്കുന്നതെന്നു് മന്ത്രി തന്നെ സമ്മതിച്ചിട്ടുള്ളതാണു്. മദ്യ നിരോധനം ഇവിടെ ഊർജ്ജിതപ്പെടുത്തണമോ വേണ്ടയോ എന്നുള്ളതിനെപ്പറ്റി കേന്ദ്രഗവണ്മെൻറിന്റെ റിപ്പോർട്ടു കാത്തിരിക്കയാണു്. ഇതിനെല്ലാം ഒരു തീരുമാനം എടുക്കുന്നതിനുള്ള അധികാരം ഇവിടത്തെ മന്ത്രിസഭയ്ക്കു തന്നെ ഉണ്ടെന്നാണു് എന്റെ അഭിപ്രായം. ചില കാര്യങ്ങളിലെല്ലാം തീരുമാനം എടുക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം ഈ മന്ത്രിസഭയ്ക്കു് വേണ്ടതാണു്. മദ്യ നിരോധനം അഖിലേന്ത്യാ അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട ഒരു കാര്യമാണെന്നും, ഇതിനെപ്പറ്റി ഒരു തീരുമാനം എടുക്കാൻ സാധിക്കുകയില്ലെന്നും പറയുന്നതിൽ അർത്ഥമില്ല. ജനക്ഷേമകരമായ എന്തെങ്കിലും കാര്യങ്ങൾ നടപ്പിൽ വരുത്തണമെന്നു പറയുമ്പോഴെല്ലാം കേന്ദ്രത്തോടു ചോദിച്ചിട്ടേ സാധിക്കുകയുള്ളു എന്നു പറയുന്നതു് ശരിയല്ല. ഇവിടെ മിനഞ്ഞാന്നു നടന്ന വിദ്യാഭ്യാസ ഡിമാൻറിനെക്കുറിച്ചുള്ള ചർച്ചാസമയത്തു ഈ സ്റ്റേറ്റിലെ വിദ്യാഭ്യാസം കൺകറൻറു് ലിസ്റ്റിൽപ്പെടുത്തണമെന്നു പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞതു് ഇപ്പോഴേ ഈ ഗവണ്മെൻറു് ഒരു അരമനിസിപ്പാലിറ്റിയായിരിക്കുന്നുവെന്നും ഇന്നി ഇതുംകൂടി കൊണ്ടുവന്നു് പഞ്ചായത്താക്കണമോയെന്നാണു്. ആസവാരിഷ്ടങ്ങളുടെ നിയന്ത്രണം എടുത്തുകളയാൻ കേന്ദ്രത്തിന്റെ സമ്മതം വേണമത്രെ. നമുക്കു് കിട്ടിയിട്ടുള്ള സ്വാതന്ത്ര്യത്തിന്റെ കഴുത്തിൽ കത്തിവെയ്ക്കുന്ന രീതിയിലുള്ള ഒരഭിപ്രായം ഇക്കാര്യത്തിലെങ്കിലും പറയരുതെന്നാണു് എനിക്കു് പറയാനുള്ളതു്. ആസവാരിഷ്ടങ്ങൾ നല്ല രീതിയിൽ ഉണ്ടാക്കുന്നതിനും അതു് വില്പന നടത്തുന്നതിനും ആവശ്യമായ ലൈസൻസു് നമ്മുടെ നാട്ടിലെ നല്ല വൈദ്യന്മാക്കു് കൊടുക്കേണ്ടതാണു്. ഗുണം ഇല്ലാത്ത മരുന്നുകൾ ഉണ്ടാക്കുന്നതിനെയും നിരുത്സാഹപ്പെടുത്താം. പാരമ്പര്യമുള്ളവരും, നല്ല രീതിയിൽ ചികിത്സിക്കുന്നവരുമായ വൈദ്യന്മാക്കു് ഇവ ഉണ്ടാക്കുന്നതിൽ നിയന്ത്രണം വെയ്ക്കുന്നതെന്നാണു് ഞാനിതുകൊണ്ടു് ആവശ്യപ്പെടുന്നതു്. ഈ സ്റ്റേറ്റിൽ ഏറ്റവും നല്ലരീതിയിലും ഫലപ്രദമായും നടത്തിവരുന്ന ഒരു സ്ഥാപനമാണു് കോട്ടയ്ക്കൽ ആര്യ വൈദ്യശാല. അവരുടെ ഒരു പരസ്യം ഈയിടെ പത്രത്തിൽ വരികയുണ്ടായി. അതായതു് ദ്രാക്ഷാരിഷ്ടത്തിനും പിപ്പല്യാസവത്തിനും രണ്ടു ശതമാനം ടാക്സുണ്ടായിരുന്നതു് ഇപ്പോഴും 50 ശതമാനമാക്കി വർദ്ധിപ്പിച്ചിരിക്കുകയാണെന്നു്. ഇങ്ങനെ ടാക്സു് വർദ്ധിപ്പിച്ചിരിക്കുന്നതുകൊണ്ടു് ആ സ്ഥാപനം ഇനി ഇതിൽ ഒരു തീരുമാനം ഉണ്ടാകുന്നതുവരെ ദ്രാക്ഷാരിഷ്ടവും, പിപ്പല്യാസവും ഉണ്ടാക്കി വിൽക്കാൻ ഉദ്ദേശിക്കുന്നില്ലെന്നാണു്. ജനങ്ങൾക്കു് സാധാരണ ഏറ്റവും വേഗത്തിൽ രോഗത്തിനു് പ്രതിവിധിയുണ്ടാക്കാൻ സാധിക്കുന്ന ഇത്തരം മരുന്നുകളുടെ മേൽ ഇങ്ങനെ നിയന്ത്രണം വെയ്ക്കുന്നതു് ശരിയല്ല.

CC-0. Kerala Legislature Digital Archive. Digitized by eGangotri

[ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ]

അതൊന്നും കണക്കിലെടുക്കാതെയാണ് ഇപ്പോൾ ലൈസൻസ് കൊടുക്കുന്നതും വില്പനനികുതി ഏർപ്പെടുത്തുന്നതും. ഇതിന്റെ എ. ബി. സി. പോലും അറിഞ്ഞുകൂടാത്ത ഉദ്യോഗസ്ഥന്മാരാണ് ഇതിൽ ടാക്സ് ചുമത്തുന്നതും. മറ്റും. ഇതിന്റെയെല്ലാം ഫലമായിട്ട് ഇന്ന് നമ്മുടെ നാട്ടിൽ വളരെയധികം പഴക്കമുള്ളതും വളരെയധികം ഫലം കിട്ടുന്നതുമായ ആസവാരിഷ്ടങ്ങളും നശിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ നാട്ടിൽ നല്ല രീതിയിൽ നടത്തിവരുന്ന ആര്യവൈദ്യശാലക്കാർ പരസ്യംചെയ്തിരിക്കുന്ന പിപ്പല്യാസവത്തിന്റെയും ദ്രാക്ഷാരിഷ്ടത്തിന്റെയും മേലുള്ള അൻപതു ശതമാനം ടാക്സ് ഏർപ്പെടുത്തിയിരിക്കുന്നതു കുറവു ചെയ്തിട്ട് ഉടനെ ആ മരുന്നുണ്ടാക്കുന്നതിനും വില്ക്കുന്നതിനും അവരെ സഹായിക്കേണ്ടതാണ്. ഇന്ന് പ്രൊഹിബിഷന്റെ പേരിൽ നമ്മുടെ മന്ത്രിസഭ ആയുർവേദ വൈദ്യത്തിന്റെ പാരമ്പര്യത്തേയും സംസ്കാരത്തെയും നശിപ്പിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ഞാൻ ഈ അവസരത്തിൽ ശക്തിയായി ആവശ്യപ്പെടുകയാണ് ആയുർവ്വേദപ്രകാരം ഉണ്ടാക്കുന്ന ആസവരിഷ്ടങ്ങളുടെ പേരിൽ ഇന്നു ചുമത്തിയിട്ടുള്ള നിയന്ത്രണം എടുത്തുകളയണമെന്നും, ഈ രാജ്യത്തു് ഉള്ള നല്ല വൈദ്യന്മാർക്കു് ലൈസൻസ് കൊടുക്കുന്നതിനും, അവരെ ഈ രംഗത്തു നല്ല നിലയിൽ പ്രവർത്തിക്കുന്നതിനു് പ്രോത്സാഹിപ്പിക്കണമെന്നും അതിനു് മന്ത്രി ശ്രമിക്കുമെന്നും വിശ്വസിക്കുന്നു. അല്ലാതെ ഇതു കേന്ദ്രത്തിന്റെ ചുമതലയാണെന്നു പറഞ്ഞു സ്വന്തം ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞു മാറി നമ്മുടെ നാട്ടിന്റെയും ജനങ്ങളുടെയും ആവിശ്യങ്ങൾപരിഗണിക്കാത്ത ഒരു പരിതഃസ്ഥിതി സൃഷ്ടിക്കരുതു്. ഗവണ്മെന്റിനു് ഈ രാജ്യത്തെ ജനങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം ഉണ്ടാകണം. എങ്കിൽ മാത്രമേ രജ്യത്തിനു് അഭിവൃദ്ധിയുണ്ടാകുകയുള്ളു. ഞാൻ പറഞ്ഞ കാര്യങ്ങൾ കണക്കിലെടുക്കുമെന്നു പ്രതീക്ഷിച്ചു കൊണ്ടു് എന്റെ പ്രമേയം അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ആർ. സുഗതൻ : സർ, ഒരു പോയിന്റ് ഓഫ് ഇൻഫർമേഷൻ. അപ്പുറത്തു് സൈഡിൽ ഒന്നോ, രണ്ടോ മന്ത്രിമാരും നാലഞ്ചു മെമ്പറന്മാരും മാത്രമാണുള്ളതു്. ഈ സൈഡിലാണെങ്കിലും വളരെ കുറച്ചു മെമ്പർമാർ മാത്രമേയുള്ളു. ഇങ്ങനെയായാൽ കോറംഇല്ലാതാകും. ഇന്നു് non-official day-യാണു്. Non-official day യെന്നുവച്ചാൽ no member day യെന്നാണോ അർത്ഥമാക്കേണ്ടതു്?

ഡെ. സ്പീക്കർ : No member day യൊന്നുമല്ലാ ഇപ്പോൾ സഭയിൽ കോറം ഉണ്ടു്.

ശ്രീ. പി. നാരായണൻ തമ്പി : മാഡം, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. പക്ഷേ ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നതു് എന്റെ സ്നേഹിതൻ ശ്രീമാൻ പി. എം. കുഞ്ഞിരാമൻ നമ്പ്യാർ അവതരിപ്പിച്ചതുകൊണ്ടു മാത്രമാണെന്നു പ്രസ്താവിച്ചുകൊള്ളട്ടെ. ഈ പ്രമേയത്തിന്റെ തത്ത്വത്തോടു ഞാൻ യോജിക്കുന്നെങ്കിലും മദ്യനിരോധനനിയമം എടുത്തുകളയാതെ ഈ പ്രമേയം നടപ്പാക്കുകയാണെങ്കിൽ.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ഒന്നുകിൽ പ്രമേയത്തെ എതിർക്കണം, അല്ലെങ്കിൽ സ്വീകരിക്കണം.

ശ്രീ. പി. നാരായണൻ തമ്പി : ഇന്നു വളരെയധികം വൈദ്യശാലകൾ കാരായഷാപ്പുകളായി മാറിയിരിക്കുന്ന വസ്തുത നാം മനസ്സിലാക്കണം. പക്ഷേ അതേയവസരത്തിൽ ആയുർവ്വേദ ചികിത്സാ സംപ്രദായം നടത്തുന്ന നല്ല വൈദ്യശാലകൾ ഉണ്ടെന്നുള്ള കാര്യവും ഞാൻ വിസ്മരിക്കുന്നില്ല. ആയുർവ്വേദ ഔഷധങ്ങളുടെ ഗുണങ്ങളെപ്പറ്റി രണ്ടു പ്രായമില്ല. ഇന്നു മിക്ക വൈദ്യശാലകളും അരിഷ്ടക്കടകളായി മാറിയിരിക്കുകയാണു്. വാറുപാരായും, ഏതെങ്കിലും നിറം കാണിച്ചു് വല്ല അരിഷ്ടത്തിന്റെയും പേരിൽ വിൽക്കുകയാണു് ഇന്നു ചെയ്യുന്നതു്. നമ്മുടെ പ്രൊഹിബിഷൻ പാളിസി ദേഭഗതി ചെയ്യുന്നതുവരെ

LIBRARY ARCHIVES Kerala Legislative Assembly

ഇതിനു് എന്തെങ്കിലും ഒരു നിയന്ത്രണം ഏർപ്പെടുത്തിയില്ലെങ്കിൽ വളരെ അപകടമുണ്ടാകും. എന്നു മാത്രമല്ല ഈ അരിഷ്ടം കുടിച്ചു് ചിലർ വല്ലാതായി മാറുന്ന ഒരു സ്ഥിതിക്കേടു് ഇന്നു നമ്മുടെ നാട്ടിലുണ്ടു്. അരിഷ്ടക്കടകളിലൊളിച്ചു വച്ചിരിക്കുന്ന പകുതി കുപ്പികളിലും ചാരായം നിറച്ചു വച്ചിട്ടുള്ളതു് കണ്ടുപിടിച്ചിട്ടുള്ള സംഭവങ്ങളുണ്ടു്. അതേയവസരത്തിൽ നല്ല അരിഷ്ടമുണ്ടാക്കാൻ വേണ്ടി വൈദ്യന്മാർക്കു് ആവശ്യമുള്ള സഹായങ്ങളും ഗവണ്മെൻറിൽനിന്നു ചെയ്തുകൊടുക്കണം. അതിനു വൈദ്യന്മാരുടെതന്നെ ഒരു ബോർഡുണ്ടാക്കി അവർ സർട്ടിഫൈ ചെയ്യുന്നവർക്കു് ഗവണ്മെൻറു് വേണ്ട സഹായം ചെയ്തുകൊടുക്കണം. അതുകൊണ്ടു് ഈ കാര്യത്തിൽ പ്രത്യേകിച്ചു് ആയുർവ്വേദ ചികിത്സാ സമ്പ്രദായം പ്രോത്സാഹിപ്പിക്കാനുള്ള നടപടികളും ഗവണ്മെൻറു് എടുക്കുമെന്നു പ്രതീക്ഷിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി : മാഡം, പ്രമേയത്തിൽ ''ആസവാരിഷ്ടങ്ങളുടെമേൽ'' എന്നതിനു പകരം 'ആസവാരിഷ്ടങ്ങളും നിർമ്മിക്കുന്നതിനും വിൽപ്പന നടത്തുന്നതിനും' എന്നു ചേർക്കുകയും 'നിയന്ത്രണങ്ങളും എടുത്തുകളയണമെന്നു്' എന്നതിനു പകരം 'നിയന്ത്രണങ്ങളും അയവുവരുത്തണമെന്നും' ചേർത്തു ഭേദഗതി ചെയ്യുക, എന്നുള്ളതാണു് എന്റെ ഭേദഗതി.

ഇവിടെ ശ്രീ. നാരായണൻതമ്പി ഈ പ്രമേയത്തെ അനുകൂലിച്ചുകൊണ്ടു സംസാരിച്ചപ്പോൾ മദ്യനിരോധനം എടുത്തുകളയണമെന്നുള്ള വാദഗതിയെ അദ്ദേഹം അനുകൂലിക്കയില്ലെന്നു പറയുകയുണ്ടായി. ആസവാരിഷ്ടങ്ങൾ നിർമ്മിക്കുന്നതിനു കഞ്ചാവു്, അഫീൻ മുതലായ സാധനങ്ങൾ നൽകുന്നുണ്ടെങ്കിലും അതു കൊടുക്കുന്ന കാര്യത്തിനു വേണ്ടിത്തന്നെ ഉപയോഗിക്കുന്നുണ്ടോ എന്നുള്ളതു പരിശോധിക്കേണ്ടതു് ആവശ്യമാണു്. കോട്ടയ്ക്കൽ ആര്യവൈദ്യശാല മുതലായ ചില അപൂർവ്വം നല്ല ആര്യവൈദ്യശാലകളൊഴിച്ചാൽ ഇന്നു നമ്മുടെ നാട്ടിൽ മുക്കിലും മൂലയിലും ആര്യവൈദ്യശാല എന്ന പേരിൽ കള്ളഷാപ്പു നടത്തുന്ന സമ്പ്രദായമുണ്ടെന്നു പറയുന്നതു് ഈ നാട്ടിലെ ആര്യവൈദ്യശാലകളുമായി ബന്ധപ്പെട്ടിട്ടുള്ള ആളുകൾ ക്ഷമിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. കാരണം ഇന്നു വൈദ്യശാലകളിൽ പോയാൽ എട്ടണ കൊടുത്താലുള്ള ഡോസും ഒരു രൂപ കൊടുത്താലുള്ള ഡോസും സുഖമായി കിട്ടുന്നുണ്ടു്. അതുകൊണ്ടു് ആയുർവ്വേദ മരുന്നുകൾ നിർമ്മിക്കുന്ന ആളുകൾക്കു് ഇന്നു വളരെ വിഷമമുണ്ടു്. അതുകൊണ്ടു് നല്ല ആയുർവ്വേദ മരുന്നുകൾ നിർമ്മിക്കുന്നതിനു് വൈദ്യന്മാർക്കു് കഞ്ചാവു്, അഫീൻ മുതലായ സാധനങ്ങൾ കൊടുക്കുക, അതു ശരിയായി ഉപയോഗിക്കുന്നുണ്ടോ എന്നു പരിശോധിക്കുക. ആ കാര്യത്തിൽ ഒരു നിഷ്കർഷത പാലിക്കുന്നതിനു വേണ്ടിയാണു് ഞാൻ ഈ ഭേദഗതി കൊണ്ടുവന്നതു്. ഈ ഭേദഗതി പ്രമേയകർത്താവു് സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുകയാണു്. അതു വളരെ ആവശ്യമാണെന്നും അതു ഈ സഭയിലെ എല്ലാ അംഗങ്ങളും സ്വീകരിക്കുമെന്നും വിശ്വസിച്ചുകൊണ്ടു് സമയമില്ലാത്തതുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീമതി ഒ. ടി. ശാരദാകൃഷ്ണൻ : മാഡം, എന്റെ ഭേദഗതി ഇതാണു്.

In line 2 of the Resolution delete the letters ''യിൽ'' and add instead ''യെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി.''

ഞാൻ ഈ പ്രമേയത്തിന്റെ തത്വത്തെ അനുകൂലിക്കുന്നു. ആയുർവ്വേദ ചികിത്സയെ പ്രോത്സാഹിപ്പിക്കണമെന്നു ഈ ഗവണ്മെൻറിനു അഭിപ്രായമുണ്ടു്. ആ ചികിത്സയിൽ ആസവത്തിനും അരിഷ്ടത്തിനും പ്രാധാന്യമേറിയ ഒരു സ്ഥാനമുണ്ടെന്നു നുക്കറിയാം. ആസവാരിഷ്ടങ്ങളെല്ലാം കേന്ദ്രഗവണ്മെൻറിന്റെ ഒരു നിയമപ്രകാരം ലഹരിപദാർത്ഥങ്ങളിൽ ഉൾപ്പെടുത്തിയിരുന്നു. ആ ലഹരിപദാർത്ഥങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള സംഭവങ്ങളിലുള്ള ലഹരിയുടെ ശതമാനം നോക്കുമ്പോൾ ചില ഗ്ലിസറിനുപോലും അതിൽ പെടിക്കുന്നതല്ല. 1957 മുതൽ ഈ കാര്യം ഇവിടെ ചർച്ചചെയ്തിട്ടുള്ളതാണു്. അന്നത്തെ ആരോഗ്യമന്ത്രിയെ, ഈ ആസവാരിഷ്ടങ്ങൾ ഒഴിവാക്കണമെന്നു പറഞ്ഞുകൊണ്ടു് ഞങ്ങൾ സമീപിക്കുകയും, അതു ഈ അസംബ്ലിയിൽത്തന്നെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി. ഓ. ടി. ശാരദാ കൃഷ്ണൻ]

പലപ്പോഴും പറയുകയും ചെയ്തിട്ടുണ്ടായിരുന്നു. അതിനൊന്നും ഒരു ഫലവും ഇതുവരെ ഉണ്ടായിട്ടില്ല. കേരള പ്രൊഹിബിഷൻ ആക്ടിന്റെ പരിധിയിൽ ദ്രാക്ഷാരിഷ്ടവും, പിപ്പല്യാസവും, ദ്രാക്ഷാസവുമൊക്കെ ഉൾപ്പെടുത്തിയിട്ടുള്ളതു് എടുത്തുകളയണമെന്നു ഞങ്ങൾ പല പ്രാവശ്യവും ഇവിടെ ആവശ്യപ്പെട്ടിട്ടുള്ളതാണു്. രക്തപ്രകാശം കഴിയുമ്പോഴും ദഹനക്കുറവുസംബന്ധമായ സുഖക്കേടുകൾക്കും ഈ ആസവാരിഷ്ടങ്ങൾ ഉപയോഗിക്കുന്നുണ്ടു്. ആരോഗ്യം വീണ്ടെടുക്കാൻ മാത്രമല്ല, ആരോഗ്യം സംരക്ഷിക്കാനും ഒരു ടോണിക്കു് എന്നുള്ള നിലയിൽ ഇതു പണ്ടുകാലംതൊട്ടേ ഇവിടെ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണു്. മുന്തിരിങ്ങ നമുക്കു് ആവശ്യംപോലെ കഴിക്കാം, എന്നാൽ അതിൽ അടങ്ങിയിട്ടുള്ള രസം ആസവാരിഷ്ടങ്ങളിലുള്ള ലഹരിയുടെ ശതമാനം വർദ്ധിപ്പിക്കുന്നു എന്നതുകൊണ്ടു അവ പ്രൊഹിബിഷൻ ആക്ടിന്റെ പരിധിയിൽ പെടുത്തേണ്ടതില്ല. ചിലർ കൽപിച്ചുകൂട്ടി അമിതമായി ലഹരി ചേർത്തു് അരിഷ്ടങ്ങളും മറ്റും ഉണ്ടാക്കി ഗവണ്മെന്റിനെ വഞ്ചിക്കുന്നുണ്ടു്. അങ്ങനെയുള്ളവരെ ശിക്ഷിക്കണം. പിന്നെ ഈ സ്റ്റോറിൽ പത്തുവാര അകലെ വെറും ഏഴരിയാരും അതിനിപ്പുറം ഒരു ഏഴരിയാരും തൊട്ടുകിടക്കുകയാണു്. വെറും ഏഴരിയയിലെ ഒരുവൻ കുടിച്ചുകുത്തി മറിയുന്നതു കാണാവുന്നേടത്തു് നിരോധനമേഖലയിലുള്ള അപരൻ മദ്യത്തിന്റെ മണമുള്ള ഒരു കപ്പി കയ്യിൽ വയ്ക്കുന്നതു് കുറ്റകരമാണു്. ഇങ്ങനെയുള്ള ഒരു വിരോധാഭാസം നിലകൊള്ളുന്ന ഈ സംസ്ഥാനത്തു് ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിനാവശ്യമായ ആയുർവ്വേദ ഔഷധങ്ങളും പ്രൊഹിബിഷൻ നിബന്ധനയ്ക്കു് വിധേയമാക്കാതെ കഴിയുംവേഗത്തിൽ നിയന്ത്രണം എടുത്തുകളയുവാൻ അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ഓ. കോരൻ : മാഡം, എന്റെ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

പ്രമേയത്തിൽ 'നിയന്ത്രണങ്ങളും' എന്നതിനുശേഷം 'ഉടനടി' എന്നു ചേർക്കുക.

ഈ പ്രമേയത്തിന്റെ പ്രാധാന്യത്തെ മുൻനിറുത്തി പ്രമേയകർത്താവുതന്നെ വളരെ സവിസ്തരമായി ഇവിടെ പ്രതിപാദിച്ചിട്ടുണ്ടു്. ഞാനിതു ഉടനെ ചേർക്കണമെന്നു പറയുവാനുള്ള പ്രധാന കാരണം നമ്മുടെ നാട്ടിലെ ആയുർവ്വേദ വൈദ്യന്മാരുടെ സംഘടനകളും വളരെക്കാലമായി ശക്തിമത്തായി നടത്തിക്കൊണ്ടിരിക്കുന്ന നിവേദനങ്ങളുടെ ഫലമായിട്ടാണു്. വൈദ്യസംഘടനകളും ഇപ്രകാരമുള്ള ഒരു നിവേദനം കൊണ്ടുവരുന്നതിനു് പ്രധാനമായ ഉദ്ദേശം ഗവണ്മെന്റിന്റെ നിയന്ത്രണംമൂലം ആയുർവ്വേദ ഔഷധങ്ങളും, അരിഷ്ടങ്ങളും മുതലായവയുടെമേൽ ചുമത്തിയിട്ടുള്ള നിയന്ത്രണംകൊണ്ടു് അവർ വളരെയധികം വിഷമം അനുഭവിക്കുന്നു എന്നുള്ളതുകൊണ്ടാണു്. ഇന്നു നാട്ടിൻപുറങ്ങളിലെ ജനങ്ങൾക്കു് കിട്ടുന്ന ഒരു വൈദ്യസമ്പ്രദായമാണു് ആയുർവ്വേദചികിത്സ. പല സ്ഥലങ്ങളിലും ഇന്നു ആയുർവ്വേദത്തെ വേണ്ടപോലെ പ്രചരിപ്പിക്കാൻ സാധിച്ചിട്ടില്ല. ആയുർവ്വേദമരുന്നുകളും നിർമ്മിക്കുന്നതിൽ ഇന്നയിന്ന വിധത്തിലുള്ള സാധനങ്ങളും ചേർക്കണമെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം നിയന്ത്രണവും ഉത്തരവാദിത്വവും പരിപൂർണ്ണമായും വൈദ്യന്മാർക്കുതന്നെ ഉണ്ടായിരിക്കണം. അതിനെ ദുരുപയോഗപ്പെടുത്തുകയാണെങ്കിൽ കർശനമായ നടപടി സ്വീകരിക്കണം. ആരെങ്കിലും ദുരുപയോഗപ്പെടുത്തി എന്നുപറഞ്ഞുകൊണ്ടു് എല്ലാ വൈദ്യന്മാരുടേയും പേരിൽ ഇത്തരത്തിലുള്ള ഒരു നിയന്ത്രണം ഉണ്ടാക്കിയിരിക്കുന്നതു് പ്രത്യേകിച്ചു് ആയുർവ്വേദ വൈദ്യസമ്പ്രദായം നന്നായി നടത്തണമെന്നു ആഗ്രഹമുള്ളവരേയും അതിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആളുകളേയും നിരുത്സാഹപ്പെടുത്തുകയാണു് ചെയ്യുന്നതു്. അതുകൊണ്ടു് ഈവിധത്തിലുള്ള നിയന്ത്രണം വളരെവേഗത്തിൽ അവസാനിപ്പിക്കുകയും ജനങ്ങളുടെ ആരോഗ്യം നന്നാക്കുന്നതിനുവേണ്ടി ആയുർവ്വേദ ചികിത്സാസമ്പ്രദായം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നുമഭ്യർത്ഥിച്ചുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കൃഷ്ണൻ : മാഡം, ഞാൻ എന്റെ അഭിപ്രായം അവതരിപ്പിക്കുന്നു.

പ്രമേയത്തിൽ 'എടുത്തുകളയണമെന്നു' എന്നതിനുശേഷം 'തീരുമാനിക്കുന്നതോടൊപ്പം ഇവ നിർദ്ദിഷ്ട ഗുണമുള്ളവയാണോ എന്നു ഗവണ്മെന്റു് പരിശോധിക്കേണ്ടതാണെന്നും' എന്നും ചേർക്കുക.

നമ്മുടെ രാജ്യത്തിലെ വലിയൊരു ജനസംഖ്യ ആയുർവ്വേദചികിത്സാ സമ്പ്രദായം കൊണ്ടാണു് അവരുടെ രോഗമെല്ലാം മാറിവരുന്നതു്. അങ്ങനെ അത്രയും പ്രചാരമുള്ള ഈ ആയുർവ്വേദ ചികിത്സയെ സംബന്ധിച്ചിടത്തോളം വൈദ്യന്മാർ നിർദ്ദേശിക്കുന്ന രീതിയിലുള്ള മരുന്നുകളും ആയുർവ്വേദ ഔഷധശാലകളിൽനിന്നു് കിട്ടുന്നില്ലെന്നുള്ളതു് പരിതാപകരമായ സംഗതിയാണു്. ആസവം, അരിഷ്ടം, കഷായം, എണ്ണ, തൈലം, നെയ്യു് മുതലായ സാധനങ്ങളും ആയുർവ്വേദവിധിപ്രകാരം ഉണ്ടാക്കിയതല്ല ഇന്നു നമുക്കു് മരുന്നുഷാപ്പുകളിൽ നിന്നു കിട്ടുന്നതു്. കോട്ടയ്ക്കൽ ആര്യവൈദ്യശാലയിൽ 16 ഔൺസുള്ള ഒരുകുപ്പി ദശമൂലാരിഷ്ടത്തിനു് 5 രൂപ വിലയാണെങ്കിൽ അതേ അരിഷ്ടം മറ്റു ഷാപ്പുകളിൽ നാലുരൂപക്കും മൂന്നുരൂപക്കും രണ്ടുരൂപക്കും വിലയ്ക്കു് കിട്ടുന്നതായി നമുക്കു് കാണാൻ സാധിക്കും. കോട്ടയ്ക്കൽ വൈദ്യശാലക്കാർ വില കൂട്ടിയതല്ല കാരണം. മറ്റുള്ള വൈദ്യശാലക്കാർ വില കുറയ്ക്കുന്നതുമല്ല. നേരേമറിച്ചു് വിധിപ്രകാരമുള്ള വിലപിടിച്ച മരുന്നുകളും ഉപയോഗിക്കാതെ ഏതെങ്കിലും രീതിയിലുണ്ടാക്കി വിലകുറച്ചു വിൽക്കുകയാണു് ഇവർ സ്വീകരിച്ചിട്ടുള്ള നയം. എല്ലാ ഷാപ്പുകാരും അങ്ങനെയാണെന്നു ഞാൻ പറയുന്നില്ല. നമ്മെ സംബന്ധിച്ചിടത്തോളം ആയുർവ്വേദവിധിപ്രകാരമുള്ള മരുന്നുകളും കിട്ടേണ്ടതാണു്. അത്തരത്തിലുള്ള നല്ല മരുന്നുകളും കിട്ടിയാൽമാത്രമേ രോഗം ഭേദമാകുകയുള്ളു. ആയുർവ്വേദ മരുന്നുകളെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റു് പ്രത്യേക ശ്രദ്ധപതിപ്പിക്കുകയും ആ മരുന്നിനു് നിർദ്ദിഷ്ട ഗുണമുണ്ടോ എന്നു പരിശോധിക്കുന്നതിനു് ഉദ്യോഗസ്ഥന്മാരെ നിയമിച്ചുകൊണ്ടു് കാര്യങ്ങളും നടത്തേണ്ടതാണെന്നും പറഞ്ഞുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. ഈ. പി. ഈപ്പൻ : മാഡം, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നതിനു് ഒന്നു രണ്ടു കാരണങ്ങളുണ്ടു്. കാരണം പിന്നീടു് പറയാം. പക്ഷേ ഇവിടെ ബഹുമാനപ്പെട്ട എന്റെ സ്നേഹിതൻ കുഞ്ഞിരാമൻ നമ്പ്യാർ പറഞ്ഞതു് ഈ മന്ത്രിസഭയാണു് ആയുർവ്വേദത്തെ നശിപ്പിക്കുന്നതെന്നു്. ഞാൻ അതിനോടു് യോജിക്കുന്നില്ല. നേരേമറിച്ചു് മദ്യനിരോധന നയമാണു് ഇവിടത്തെ ആയുർവ്വേദത്തെ നശിപ്പിക്കുന്നതു്. അതും മിസ്റ്റർ ഗോപാലമേനോപ്പോലെ ഖദറിട്ട കുറേ ആളുകളാണു് നശിപ്പിക്കുന്നതു്. അല്ലാതെ ഈ മന്ത്രിസഭയിരിക്കുന്നതുകൊണ്ടല്ലെന്നുള്ള കാര്യം വ്യക്തമായി പറയുവാൻ ഞാനാഗ്രഹിക്കുകയാണു്. ഈ പ്രമേയത്തെ സപ്പോർട്ടു ചെയ്യുന്നതിനു കാരണമെന്താണെന്നു വച്ചാൽ നമ്മുടെ ഈ രാജ്യത്തു് ഇന്നു തൊഴിലില്ലായ്മ വളരെയധികമുണ്ടു്. മദ്യനിരോധനത്തിൽ കൂടി അയവു വരുത്തുകയാണെങ്കിൽ നിലവിലുള്ള തൊഴിലില്ലായ്മയ്ക്കു് കുറെയൊക്കെ പരിഹാരമുണ്ടാകുമെന്നു ആത്മാർത്ഥമായി വിശ്വസിക്കുന്ന ഒരാളാണു് ഞാൻ. ഇവിടെ ചെറിയ മുറിവൈദ്യന്മാരുണ്ടു്. മുൻപവർക്കു് യാതൊരു ബിസിനസ്സുമില്ലായിരുന്നു. ഇന്നവർക്കു് നാലു ബ്രാഞ്ചുകളും, കാറുകളും എന്നുവേണ്ട എല്ലാ സൗകര്യങ്ങളുമുണ്ടു്. ഒരു കാറുവയ്ക്കണമെങ്കിൽ അതിനൊരു ഡ്രൈവർ വേണം. അയാൾക്കു് ശമ്പളം കൊടുക്കണം. അതുത്തോളം ഈ വൈദ്യന്മാർ അരിഷ്ടകച്ചവടത്തിന്റെ പേരിൽ പണമുണ്ടാക്കുന്നുണ്ടു്. അതുകൊണ്ടു് ഈ മദ്യനിരോധനത്തിൽ ഒരു ഇളവുവരുത്തുകയാണെങ്കിൽ നാട്ടിനു വളരെ പ്രയോജനമുണ്ടാവുമെന്നു ആത്മാർത്ഥമായി ഞാൻ വിശ്വസിക്കുകയാണു്.

ഡെപ്യൂട്ടി സ്പീക്കർ ; മെമ്പറുടെ സമയം കഴിഞ്ഞു. മെമ്പർ ഇരിക്കണം.

ശ്രീ. ഈ. പി. ഈപ്പൻ ; എന്നാൽപിന്നെ ഞാൻ ഒന്നും പറയുന്നില്ല.

ശ്രീ. പി. ഗോപാലൻ : സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണു്, ഇവിടെ ശ്രീമാൻ ഈപ്പൻ പറഞ്ഞ വാദഗതികളെ മുൻനിറുത്തി തന്നെ,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ഗോപാലൻ]

ആയുർവ്വേദ വൈദ്യന്മാരുടെ പേരുവച്ചുകൊണ്ടതന്നെ കണ്ടമാനം വിപ്ലവാരിഷ്ടം പോലെയുള്ള അരിഷ്ടങ്ങളും നിർമ്മിച്ച് ജനങ്ങളുടെ ആരോഗ്യത്തിനു് നാശം വരുത്തുന്നു. ഈ ഏർപ്പാടു് നിയന്ത്രിക്കുന്നില്ലെങ്കിൽ വലിയ അബദ്ധം ഈ രാജ്യത്തുണ്ടാവും. അതുകൊണ്ടു് കർശനമായ ഒരു നിയമം ഉണ്ടാകണം. ആയുർവ്വേദ വൈദ്യന്മാരുടെ ഒരു കമ്മിറ്റിയെ തന്നെ അതിന്റെ രേണാധികാരിയായി വയ്ക്കുന്നതുകൊണ്ടു് വിരോധമില്ല. ഇന്നത്തെ എക്സൈസു് വകുപ്പിന്റെ കാര്യക്ഷമതയില്ലായ്മമൂലം പല കുഴപ്പങ്ങളും നേരിടുന്നുണ്ടു്. അതുകൊണ്ടു് ഇത്തരം ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്ന അരിഷ്ടങ്ങൾ ഉണ്ടാക്കുന്നതിനെ പരാജയപ്പെടുത്തുന്നതിനുവേണ്ടി അവക്കു് ലൈസൻസു് കൊടുക്കരുതെന്നും, അങ്ങനെ ഉണ്ടാക്കുന്നതു് കർശനമായി നിയന്ത്രിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടു് ഈ പ്രമേയം പാസ്സാക്കിക്കൊടുക്കണമെന്നു് ഗവണ്മെന്റിനോടു് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) ;

മാഡം, ശ്രീമാൻ കുഞ്ഞിരാമൻ നമ്പ്യാർ കുറെ മാസങ്ങൾക്കുമുമ്പുതന്നെ ഒരു പ്രമേയം കൊണ്ടുവരികയും അതിന്റെ വിശദാംശങ്ങളെപ്പറ്റി ചർച്ച ചെയ്യുകയുമുണ്ടായി. അന്നു ഞാൻ പറഞ്ഞു ഇതിനെ സംബന്ധിച്ചു് എന്തെങ്കിലും തീരുമാനമെടുക്കണമെന്നുണ്ടെങ്കിൽ കേന്ദ്രഗവണ്മെന്റു് നിശ്ചയിച്ചിട്ടുള്ള Tek Chand കമ്മിറ്റിയുടെ റിപ്പോർട്ടു വന്നതിനുശേഷമേ ചെയ്യാൻ നിവൃത്തിയുള്ളു എന്നു്. ഇതൊരു അഖിലേൻഡ്യാ നയമായതുകൊണ്ടു് വൈഷമ്യം ഉണ്ടെന്നും പറഞ്ഞു. ഇതിനു് ഇപ്പോഴും പറയാനുള്ളതു് ഇതാണു്. പ്രൊഹിബിഷൻ ആക്ടനുസരിച്ചു് ചില വ്യവസ്ഥകളുണ്ടു്. ഇപ്പോഴും ശ്രീമാൻ നമ്പ്യാർ പറഞ്ഞമാതിരി ആസവാരിഷ്ടങ്ങൾക്കു് നിയന്ത്രണം വച്ചുകൊണ്ടുള്ള ഒരു വ്യവസ്ഥയുണ്ടു്. ഈ വ്യവസ്ഥ അനുസരിച്ചാണു് ആയുർവ്വേദവിധി പ്രകാരം ഉണ്ടാക്കുന്ന ചില അരിഷ്ടങ്ങൾക്കും ആൽക്കഹോൾ ചേർത്തിട്ടുള്ള ചില അരിഷ്ടങ്ങൾക്കും നിയന്ത്രണം വച്ചിട്ടുള്ളതു്. അതുകൊണ്ടു് ന്യായമായി മരുന്നുകടം ഉണ്ടാക്കി വിൽക്കുന്നവക്കു് ലൈസൻസു് കൊടുത്താൽ ശല്യമൊന്നുമില്ല. നേരേമറിച്ചു് മരുന്നുകളെ ദുരുപയോഗപ്പെടുത്തുന്ന ആളുകളുണ്ടെങ്കിൽ അതു പരിശോധിച്ചു് പ്രോസിക്യൂട്ടു ചെയ്യുന്ന നടപടികടം നടത്തുന്നുണ്ടു്. അതനുസരിച്ചു ഇപ്പോഴുള്ളതു് രണ്ടു സമ്പ്രദായമാണു്. ഒന്നു് കച്ചവടക്കാർക്കു് എൽ. 2 ലൈസൻസു് കൊടുത്തുകഴിഞ്ഞാൽ ആസവാരിഷ്ടങ്ങൾ ഉണ്ടാക്കി വിൽക്കാം. 25 ഉറുപ്പികയാണു് ലൈസൻസു് ഫീസു്. വേറൊന്നു് നല്ല വൈദ്യന്മാർക്കു് രോഗികളെ ചികിത്സിക്കാനും മരുന്നുകളുണ്ടാക്കാനുമുള്ള ലൈസൻസു് കൊടുക്കുന്നുണ്ടു്. ഒരു രൂപയാണു് അതിന്റെ ലൈസൻസു് ഫീസു്. അവർക്കു് മരുന്നുകടം ഉണ്ടാക്കാം ആ ഡ്യൂട്ടിക്കു് ലൈസൻസു് എടുക്കേണ്ട ആവശ്യമില്ല. ആൽക്കഹോളും മറ്റും ചേർത്തലുള്ള അരിഷ്ടങ്ങൾക്കു് ലൈസൻസു് എടുത്തേ കച്ചവടം ചെയ്യാൻ പാടുള്ളു. ആ കാര്യത്തെ സംബന്ധിച്ചിടത്തോളം ഡ്യൂട്ടി ഈടാക്കണമെന്ന വ്യവസ്ഥയുണ്ടു്. ഡ്രൈ ഏരിയായിൽ 3292 ലൈസൻസു് കൊടുത്തിട്ടുണ്ടു്. അവിടത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ആവശ്യമായ മരുന്നുകടം കിട്ടാൻവേണ്ടി തിക്കും തിരക്കുംഉള്ളതുകൊണ്ടു് ലൈസൻസുകടം കൊടുത്തിരിക്കുകയാണു്. അങ്ങനെ ലൈസൻസു് കൊടുക്കുകയാണെങ്കിൽ സർക്കാർ കണ്ണടച്ചിരിക്കുകയില്ല. ശാസ്ത്രീയവിധി പ്രകാരം പഴക്കമുള്ള ആയുർവ്വേദ ചികിത്സകടം പ്രോത്സാഹിപ്പിക്കേണ്ട കാര്യത്തെപ്പറ്റി നമ്പ്യാർക്കും, ഗവണ്മെന്റിനും അഭിപ്രായവ്യത്യാസമില്ല.

ശ്രീ. ഈ. പി. ഗോപാലൻ : ഇപ്പോഴും മദ്യവർജ്ജനം നടപ്പാക്കുന്ന കാര്യത്തിൽ വളരെ അഭിപ്രായവ്യത്യാസമുണ്ടു്. പുനഃപരിശോധന നടത്തണമെന്നുള്ളതു് സകലരും അംഗീകരിച്ചിട്ടുള്ളതാണു്. ഇങ്ങനെ വരുമ്പോഴും മദ്യവർജ്ജനം കൂടുതൽ കർശനമാക്കാൻ ഉദ്ദേശിച്ചിരുന്നകാലത്തു് എടുത്ത ചില വർദ്ധിച്ച നിയന്ത്രണം ഇപ്പോഴും ഒന്നു ചുരുക്കിക്കൂടേ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. അച്യുതൻ : അരിഷ്ടങ്ങളെ സംബന്ധിച്ചിടത്തോളം ആയുർവ്വേദ മണ്ഡലക്കാർ ചില നിവേദനങ്ങളും ഈ ഗവണ്മെൻറിനും കേന്ദ്രഗവണ്മെൻറിനും സമർപ്പിച്ചു. എല്ലാകാര്യങ്ങളും ആലോചിച്ചപ്പോൾ തൽക്കാലം മാറ്റം വരുത്താൻ സാദ്ധ്യമല്ലെന്ന മറുപടി പറഞ്ഞിരിക്കുകയാണു്. ഗവണ്മെൻറു് ആയുർവ്വേദ ചികിത്സയെ പ്രോത്സാഹിപ്പിക്കണമെന്ന ഒരു തുറന്ന മനസ്സാണു് സ്വീകരിച്ചിട്ടുള്ളതു്. പക്ഷേ കൃത്രിമമായി മരുന്നണ്ടാക്കുന്നവരെ പ്രോത്സാഹിപ്പിക്കാൻ നിവൃത്തിയില്ല. ശാസ്ത്രീയമായ രീതിയിൽ വൈദ്യന്മാർ മരുന്നുകൾ ഉണ്ടാക്കിയാൽ അതു നല്ലതാണു്. അങ്ങനെയുള്ളവരെ ഗവണ്മെൻറു് പ്രോത്സാഹിപ്പിക്കുകയേയുള്ളു. അതുകൊണ്ടു് നിയന്ത്രണം നിറുത്താൻ പറഞ്ഞിട്ട കാര്യമില്ല. പിന്നെ ആദ്യം പറഞ്ഞതുപോലെ ഒന്ന്രെ ഏരിയായിൽ 3292 ലൈസൻസുകൾ കൊടുത്തിട്ടുണ്ടു്. ഇങ്ങനെ ലൈസൻസു് കൊടുത്തിട്ടു് കണ്ണുമടച്ചിരിക്കാൻ സാദ്ധ്യമല്ല. അതു് നോക്കുകതന്നെ ചെയ്യും. കൃത്രിമം ചെയ്യുന്നവരെ കണ്ടുപിടിച്ചു് പ്രോസിക്യൂട്ടു ചെയ്യും. അതനുസരിച്ചു് വൈദ്യന്മാർ ശാസ്ത്രീയമായി പഠിച്ചു് ശരിക്കു് ഉപയോഗിക്കാൻ കൊള്ളാവുന്ന മരുന്നുകൾ ഉണ്ടാക്കിയാൽ ഗവണ്മെൻറിനു് അവരോടു് ബഹുമാനമാണു്. അവർക്കു് പ്രോത്സാഹനം കൊടുക്കാൻ തയ്യാറാണു്. അതാണു് എം. എൻ. ഡി. പി. ആക്ടുപ്രകാരം പറയാനുള്ള കാരണം.

ശ്രീ. എൻ. ഈ. ബലറാം : എക്സ്ട്രാക്ടായി പ്രോത്സാഹിപ്പിക്കണമെന്നു പറഞ്ഞാൽ എന്താണു് ?

ശ്രീ. കെ. ടി. അച്യുതൻ : ഇവിടെതന്നെ പച്ചമരുന്നുകൾ ഉണ്ടാക്കാൻ ശ്രമിക്കുന്നുണ്ടു്. ഇവിടെ ചിലപ്പോൾ പച്ചമരുന്നുകൾ കുറവാണു്. ആവശ്യമുള്ള പച്ചമരുന്നുകൾ നട്ടുപിടിപ്പിച്ചു് ചില മരുന്നുകൾ ചില വൈദ്യന്മാർ ഉണ്ടാക്കുന്നുണ്ടു്. ഇതു് ആയുർവ്വേദത്തിനു് വളരെ പ്രയോജനകരമാണു്. പുതിയ ഗവേഷണങ്ങൾ നടത്തി വൈദ്യശാസ്ത്രത്തെ നവീകരിക്കാനും സൗകര്യം ചെയ്തുകൊടുക്കുന്നതാണു്.

ശ്രീ. ഈ. പി. ഈപ്പൻ : അലോപ്പതിക്കു മെഡിസിനു് മാനുഫാക്ചറിങ്ങു് ലൈസൻസു് കൊടുക്കുന്നതിനു് വളരെ റെസ്ട്രിക്ഷൻസു് ഉണ്ടു്. ആയുർവ്വേദത്തിൻറെ കാര്യത്തിലും ഈ റെസ്ട്രിക്ഷൻ എർപ്പെടുത്തി ലൈസൻസു് കൊടുക്കാൻ തയ്യാറുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : ഈ രാജ്യത്തെ കുറെ ആളുകൾക്കു് ആയുർവ്വേദ ചികിത്സയാണു് ഇഷ്ടം. അങ്ങനെ ലൈസൻസു് കൊടുക്കുകയാണെങ്കിൽ നാട്ടിൻപുറങ്ങളിൽ ബുദ്ധിമുട്ടുണ്ടാവും. എന്തായാലും കൃത്രിമങ്ങൾ ചെയ്യുകഴിഞ്ഞാൽ അവരെ ശിക്ഷിക്കുന്നതാണു്. ദ്രാക്ഷാരിഷ്ടത്തിനു് നിയന്ത്രണമുണ്ടു്. സെക്ഷൻ 62 (എം) അനുസരിച്ചതന്നെ ഈവക അരിഷ്ടങ്ങളും മാറും അധികം മിസ്യൂസു് ചെയ്തു് ആൽക്കഹോളും മറ്റും കൂടുതൽ ചേർത്തു് ജനങ്ങൾക്കു് ദോഷം ചെയ്യുന്നുണ്ടെങ്കിൽ അതു തടയാൻ വ്യവസ്ഥയുണ്ടു്. പല അരിഷ്ടകടകളും ഉദ്യോഗസ്ഥന്മാർ കയറിച്ചെന്നു് പരിശോധിച്ചു് കൃത്രിമമാണെന്നുകണ്ടു് മരുന്നുകൾ നശിപ്പിച്ചിട്ടുണ്ടു്. പ്രൊഹിബിഷൻ ആക്ടനുസരിച്ചു് കൊടുക്കാൻ പാടില്ലാത്ത മരുന്നുകൾ ചേർത്താൽ അതു തടയാൻ വ്യവസ്ഥയുണ്ടു്. ചില മരുന്നുകളിൽ പത്തിനെയും, ഇരുപതും ശതമാനം വരെ ആൽക്കഹോൾ കാണും. ഈ സ്റ്റേറ്റിൽതന്നെ ചില കടകൾ മുന്നറിയിപ്പുകൂടാതെ പരിശോധിക്കുമ്പോൾ മരുന്നിൽ 60 ശതമാനം വരെ ആൽക്കഹോൾ കണ്ടിട്ടുണ്ടു്. അതുകൊണ്ടു് പരിഷ്കാരം മാത്രംപോരാ. ന്യായമായ രീതിയിൽ നിയന്ത്രണം കൊണ്ടുവന്നു് ആവശ്യമായ മരുന്നുകൾ കൃത്യമായി ഉണ്ടാക്കാൻ ശ്രമിക്കണം. ആയുർവ്വേദ മണ്ഡലക്കാർ കേന്ദ്രഗവണ്മെൻറിനു് നിവേദനം കൊടുക്കണം. ഇവിടെമാത്രം പോരാ. എം. എൻ. ഡി. പി. ആക്ടു് ഭേദഗതി ചെയ്യേണ്ട കാര്യത്തെപ്പറ്റി ഈ ഗവണ്മെൻറു് നിവേദനംമൂലം അറിയിക്കാം. ആയുർവ്വേദമണ്ഡലക്കാർ ഇതിനു് വ്യവസ്ഥ ചെയ്തു് സഹായിക്കണമെന്നു് കേന്ദ്രത്തോടു് ആവശ്യപ്പെടണം. അതെല്ലാം ഈ ഗവണ്മെൻറിനുകൊണ്ടു ചെയ്യാൻ സാദ്ധ്യമല്ല. പ്രൊഹിബിഷനെ സംബന്ധിച്ചിടത്തോളം, എന്തെങ്കിലും ഭേദഗതി ചെയ്യേണ്ട

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ടി. അച്യുതൻ]

കാര്യത്തെസംബന്ധിച്ചിടത്തോളം റിപ്പോർട്ട വന്നതിനുശേഷം കേന്ദ്രഗവണ്മെൻറിനോടു് ആലോചിക്കാം. പൊതുവേ ആയുർവ്വേദത്തിനു് പ്രോത്സാഹനം കൊടുക്കാൻ ഈ ഗവണ്മെൻറു് തയ്യാറാണു്. ഇതിനെപ്പറ്റി പഠിച്ചുകൊണ്ടു് കേന്ദ്രഗവണ്മെൻറിൽ നിവേദനം നടത്താൻ ഗവണ്മെൻറു തയ്യാറാണു്; പ്രോത്സാഹനം കൊടുക്കാൻ തയ്യാറാണു്. പരിഷ്കാരമെന്നു പറഞ്ഞുകൊണ്ടു് എന്തെങ്കിലും മരുന്നുകൂടി ചേർത്തു് അരിഷ്ടങ്ങൾ ഉണ്ടാക്കുകയാണെങ്കിൽ അവരെ സംബന്ധിച്ചിടത്തോളം യാതൊരു ദയാദാക്ഷിണ്യവും കാണിക്കാൻ നിവൃത്തിയില്ല. കേന്ദ്രഗവണ്മെൻറിനോടു് ഇക്കാര്യത്തെപ്പറ്റി ആലോചിക്കാമെന്നല്ലാതെ കൂടുതലായി ഒന്നും പറയാനില്ല. ഇക്കാര്യങ്ങളെല്ലാം വച്ചുകൊണ്ടു് ശ്രീ. നമ്പ്യാർ ഈ പ്രമേയം പ്രസ്സുചെയ്യുകയില്ലെന്നു വിചാരിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

[Mr. Speaker in the Chair]

The Amendment moved by Shri K. Moideenkutty Haji was put and carried.

The Amendment moved by Smt. O. T. Sarada Krishnan was, by leave, withdrawn.

The Amendment moved by Shri O. Koran was put and lost.

The Amendment moved by Shri M. Krishnan was, by leave, withdrawn.

Amendment moved by Shri E. P. Eapen was put and carried.

The Resolution as amended was put and lost.

Shri P. M. Kunhiraman Nambiar : I demand a Poll.

A Poll was taken when the House divided as follows:

Ayes—29

1 Shri C. Achutha Menon
2 ,, P. C. Adichan
3 Smt. K. O. Aisha Bai
4 Shri K. Anirudhan
5 ,, C. K. Balakrishnan
6 ,, N. E. Balaram
7 ,, V. P. C. Tangal
8 ,, E. P. Eapen
9 ,, E. P. Gopalan
10 ,, K. Hassan Gani
11 ,, Joseph Chazhikattu
12 ,, O. Koran
13 ,, M. Krishnan
14 ,, K. Krishna Pillai
15 ,, S. Kumaran
16 ,, P. K. Kunjachan
17 ,, P. M. Kunhiraman Nambiar
18 Shri K. Moideenkutty Hajee
19 ,, P. K. Narayanan Nambiar
20 ,, T. C. Narayanan Nambiar
21 ,, P. Narayanan Tampi
22 ,, N. Neelakantaru Pandarathil
23 ,, P. C. Raghavan Nair
24 ,, A. K. Ramankutty
25 ,, P. Ramunni Kurup
26 ,, P. Ravindran
27 ,, E. M. Sankaran Namboodiripad
28 ,, R. Sugathan
29 ,, M. M. Sundaram

LIBRARY ARCHIVES Kerala Legislative Assembly

Nors—33

1	Shri K. C. Abraham	18	Shri K. Kunhambu
2	,, M. C. Abraham	19	,, C. Kunjukrishnan Nair
3	,, K. T. Achuthan	20	Smt. Leela Damodara Menon
4	,, K. K. Balakrishnan	21	Shri M. M. Mathai
5	,, R. Balakrishna Pillai	22	,, C. A. Mathew
6	,, T. O. Bava	23	Smt. A. Nafeesath Beevi.
7	,, P. C. Cherian	24	Shri Kuroor Neelakantan Namboodiripad
8	,, K. A. Damodara Menon	25	,, A. A. Rahim
9	,, K. M. George	26	,, R. Raghava Menon
10	,, P. Gopalan	27	,, R. Sankar
11	,, M. Gopalankutty Nair	28	Smt. O.T. Saraada Krishnan
12	,, Malethu Gopinatha Pillai	29	Shri C. M. Stephen
13	,, P. S. Karthikeyan	30	,, K. T. Thomas
14	,, K. Kochukuttan	31	,, T.A. Thomman
15	,, T. Krishnan	32	,, P. P. Ummerkoya
16	,, N. S. Krishna Pillai	33	,, K. K. Viswanathan
17	,, P. Kumaran		

Neutrals—Nil.

Mr. Speaker: For the Resolution—29

Against the Resolution—33

Neutrals—Nil

The Resolution is lost.

Resolution No. 2

Industrial Advancement in Malabar

Mr. Speaker: Resolution No. 2 stands in the name of Shri. P.C. Balakrishnan Nambiar. The hon. Member has authorised Shri Gopalankutty Nair to move the Resolution. I call upon Shri Gopalankutty Nair to move the Resolution.

ശ്രീ. എം. ഗോപാലൻകുട്ടി നായർ : ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ ഈ സഭയിൽ അവതരിപ്പിക്കാൻ നോട്ടീസു കൊടുത്തിട്ടുള്ള ഈ പ്രമേയം അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ അനുമതിയോടുകൂടി അവതരിപ്പിക്കാനാണു് ഞാൻ ഉദ്ദേശിക്കുന്നതു്. അവതരിപ്പിക്കുന്ന പ്രമേയം ഇതാണു്.

> "വയനാടു് താലൂക്കുകളിൽ ആരംഭിക്കുവാൻ സാദ്ധ്യതയുള്ള വ്യവസായങ്ങളെപ്പറ്റി സമഗ്രമായ സർവ്വെ നടത്തി, അതിന്റെ അടിസ്ഥാനത്തിൽ സഹകാര്യമേഖലയിലും പൊതുമേഖലയിലും വ്യവസായങ്ങൾ അടുത്ത പഞ്ചവത്സരപദ്ധതിക്കാലത്തെങ്കിലും ആരംഭിക്കുവാൻ വേണ്ട നടപടികൾ സത്വരമായി എടുക്കേണ്ടതാണെന്നു് ഈ സഭ ഗവണ്മെന്റിനോടു് ശുപാർശ ചെയ്യുന്നു."

ശ്രീ. ബാലകൃഷ്ണൻ നമ്പ്യാർ ഒരു പരിമിതമായ ലക്ഷ്യം വച്ചുകൊണ്ടാണു് ഈ പ്രമേയത്തിനു് രൂപം കൊടുത്തിട്ടുള്ളതെന്നാണു് എന്റെ അഭിപ്രായം. ഇതു് കുറേക്കൂടി വിപുലമായ അടിസ്ഥാനത്തിൽ വേണ്ടതായിരുന്നു എന്നു ഞാൻ കരുതുന്നു. അതായതു്, പ്രമേയത്തിന്റെ ആരംഭംതന്നെ "മലബാർ പ്രദേശത്തു് പൊതുവിലും വയനാടു പ്രദേശത്തു് പ്രത്യേകിച്ചും" എന്നാക്കിയാൽ നന്നായിരുന്നേനെ എന്നു ഞാൻ അഭിപ്രായപ്പെടുകയാണു്. ഈ സ്റ്റേറ്റിലെ വർദ്ധിച്ചുവരുന്ന ജനസംഖ്യയും ഭീമമായ തൊഴിലില്ലായ്മയും നമ്മെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ ഒരു ഭീഷണിയാണെന്നു

LIBRARY ARCHIVES Kerala Legislative Assembly